# ബ്രാൻഡഡ് ലിഫ്റ്റിങ് ചാർജ്ജ് : ചെറുകിട സംരംഭകരെ ഒഴിവാക്കാൻ വേണ്ടിയല്ല : സപ്ലൈകോ

രാജ്യത്തിനു മാതൃകയായ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ബ്രാൻഡഡ് ലിഫ്റ്റിങ് ചാർജ്ജ് ഈടാക്കുന്നതിലൂടെ ചെറുകിട സംരംഭകരെ ബുദ്ധിമുട്ടിക്കുന്നുവെന്ന വിധത്തിൽ വാർത്തകൾ പ്രചരിക്കുന്നുണ്ട്. കോവിഡ് കാലത്ത് പൊതുജനങ്ങളെ ഏറ്റവും അധികം സംരക്ഷിച്ച സർക്കാർ സംരംഭമാണ് പൊതുവിതരണ സംവിധാനം. എന്നാൽ ബ്രാൻഡഡ് ലിഫ്റ്റിങ് നടത്താൻ ചാർജ്ജ് ഈടാക്കുന്നതിൻറെ പേരിൽ ഈ സംവിധാനത്തെ മോശമായി ചിത്രീകരിക്കുകയാണിപ്പോൾ. ഉല്പന്നങ്ങൾക്ക് രജിസ്ട്രേഷൻ ചാർജിനു പുറമെ ഷോറൂമുകളിൽ ഉപഭോക്താക്കളുടെ ശ്രദ്ധ ഏറെ പതിയുന്നിടത്ത് പ്രദർശിപ്പിക്കാനാണ് 2000 രൂപ വേറെ നൽകേണ്ടത്. ഈ നിരക്കിൽ തുക അടയ്ക്കണമെന്നത് ബോർഡ് യോഗത്തിൽ വന്ന തീരുമാനമാണ് . ഇതുമൂലം സംരംഭകർക്ക് വലിയ അളവിൽ ഗുണമാണുണ്ടാകുക . സപ്ലൈകോയ്ക്ക് 1592 ഓളം വില്പനശാലകൾ സംസ്ഥാനത്തുണ്ട്.ഈ ശൃംഖലയിലുള്ള സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾ ബസാർ എന്നിവിടങ്ങളിലാണ് ബ്രാൻഡഡ് ലിഫ്റ്റിങ് ചാർജ്ജ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് . ഈ വില്പനശാലകളിലെ റാക്കുകളിൽ ഇവ പ്രദർശിപ്പിക്കുക മൂലം ഇവരുടെ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണിയാണുണ്ടാക്കുക . അല്ലാതെ സംരംഭകരെ ബുദ്ധമുട്ടിക്കലല്ല. ഇവരുടെ ഉല്പന്നങ്ങൾ കൂടുതലായി ജനങ്ങളിലെത്തിക്കാനും ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. സംരംഭകരുടെ ബുദ്ധിമുട്ട് പരിഹരിച്ച് നടപടികൾ സുഗമമാക്കാൻ മാനേജർമാരുടെ മൂന്നംഗ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . സബ് കമ്മിറ്റി നൽകുന്ന ശുപാർശ ബോർഡിൽ സമർപ്പിച്ച് അനുമതി വാങ്ങിയതിനു ശേഷം മാത്രമേ ഇക്കാര്യം നടപ്പാക്കുകയുള്ളൂവെന്ന് സപ്ലൈകോ അധികൃതർ അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**